29-02-2024
പ്രസിദ്ധീകരണത്തിന്
നോർക്ക റൂട്ട്സ്

**നോർക്ക സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻമാസാചരണം മാർച്ച് 31 വരെ**

സംസ്ഥാനസർക്കാർസ്ഥാപനമായ നോർക്ക റൂട്ട്സിന്റെ സർട്ടിഫിക്കറ്റ് ഒതന്റിക്കേഷൻസെന്ററുകളിൽ മാർച്ച് 31 വരെ സംഘടിപ്പിക്കുന്ന അറ്റസ്റ്റേഷൻമാസാചരണത്തിന് നാളെ (മാർച്ച് 1) തുടക്കമാകും. ഇതിന്റെ ഭാഗമായി കോട്ടയം (മാർച്ച് 07), കണ്ണൂർ(മാർച്ച് 07), മലപ്പുറം (മാർച്ച് 11) ജില്ലകളിൽവിദ്യാഭ്യാസ സർട്ടിഫിക്കറ്റുകളുടെ അറ്റസ്റ്റേഷനായി പ്രത്യേക ക്യാംമ്പും സംഘടിപ്പിക്കുന്നുണ്ട്. വിദേശരാജ്യങ്ങളിൽജോലിസംബന്ധമായോ പഠനത്തിനോ ബിസ്സിനസ്സ് ആവശ്യങ്ങൾക്കോ പോകുന്നവർവിദ്യാഭ്യാസ സർട്ടിഫിക്കറ്റുകളും വ്യക്തിവിവര സർട്ടിഫിക്കറ്റുകളും (Personal documents) സക്ഷ്യപ്പെടുത്തേണ്ടതുണ്ട്. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങൾഅനുസരിച്ച് വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകൾസാക്ഷ്യപ്പെടുത്തുതിന് കേന്ദ്ര-കേരള ഗവൺമെന്റുകൾഅധികാരപ്പെടുത്തിയിട്ടുള്ള സ്ഥാപനമാണ് നോർക്ക റൂട്ട്സ്. വിദ്യാഭ്യാസ (Education) വ്യക്തിവിവര സർട്ടിഫിക്കറ്റുകളുടെ ഹോം അറ്റസ്റ്റേഷൻ, എം.ഇ.എ (മിനിസ്ട്രി ഓഫ് എക്സ്റ്റേണൽഅഫയേഴ്സ്) സാക്ഷ്യപ്പെടുത്തൽ, വിവിധ എംബസികളുടെ സാക്ഷ്യപ്പെടുത്തൽ, അപ്പോസ്റ്റെൽഅറ്റസ്റ്റേഷൻസേവനങ്ങൾഎന്നിവ നോർക്ക റൂട്ട്സ് വഴി ലഭ്യമാണ്.

തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നവിടങ്ങളിലായി പ്രവർത്തിക്കുന്ന മൂന്ന് സർട്ടിഫിക്കറ്റ് ഒതന്റിക്കേഷൻസെന്ററുകളിൽ (Certificate Attestation Centres- CAC) നിന്നും സേവനം ലഭിക്കും. ഹോം അറ്റസ്റ്റേഷനായി എല്ലാ ജില്ലാ സെല്ലുകളിലും അപേക്ഷ സ്വീകരിക്കുന്നതാണ്. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലെ പ്രവാസികേരളീയർക്ക് നോർക്ക റൂട്ട്സിന്റെ ചെന്നൈ, ബംഗളൂരു, മുംബൈ, ഡൽഹി എൻ.ആർ.കെ ഡവലപ്മെന്റ് ഓഫീസുകളിലും അപേക്ഷ നൽകാനാകും. വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകളുടെ അറ്റസ്റ്റേഷനായി സ്വകാര്യ ഏജൻസികളുടെ സഹായം തേടരുത്. വ്യാജ അറ്റസ്റ്റേഷൻകേന്ദ്രങ്ങൾക്കെതിരെ ജാഗ്രത പുലർത്തുക. സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻസേവനങ്ങൾക്കായി www.norkaroots.org വെബ്ബ്സൈറ്റ് സന്ദർശിക്കുക. കൂടുതൽവിവരങ്ങൾക്ക് 24 മണിക്കൂറും പ്രവർത്തിക്കുന്ന നോർക്ക ഗ്ലോബൽകോൺടാക്ട് സെന്ററിന്റെ ടോൾഫ്രീ നമ്പറുകളായ 1800 425 3939 (ഇന്ത്യയിൽനിന്നും) +91-8802 012 345 (വിദേശത്തുനിന്നും, മിസ്സ്ഡ് കോൾസർവ്വീസ്) ബന്ധപ്പെടാവുന്നതാണ്.

ഡോ. അഞ്ചൽകൃഷ്ണകുമാർ
പബ്ളിക് റിലേഷൻസ് ഓഫീസർ
നോർക്ക റൂട്ട്സ്-തിരുവനന്തപുരം